(എ) എൻ.എച്ച്. റോഡുകളിൽ കണ്ണൂർ, തലശ്ശേരി, കോഴിക്കോട് നഗരങ്ങളിലെ ബൈപ്പാസ് റോഡുകളിൽ ഏതെല്ലാം ബൈപ്പാസുകൾക്കാണ് പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരം ആവശ്യമായിരുന്നത്;

(ബി) ഏതെല്ലാം ബൈപ്പാസുകൾക്ക് കമ്മീഷന്റെ അനുവാദം ലഭിച്ചു കഴിഞ്ഞിട്ടുണ്ട്;

(സി) കോഴിക്കോട് ബൈപ്പാസിലെ രണ്ടാമത്തെ റീച്ചിന്റെ പണിക്ക് ഭരണാനുമതി നൽകി കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ എന്നാണെന്നു വെളിപ്പെടുത്തുമോ; അംഗീകാരം കൊടുത്തില്ലെങ്കിൽ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) എൻ.എച്ച്. റോഡുകളിൽ കണ്ണൂർ, തലശ്ശേരി, കോഴിക്കോട് നഗരങ്ങളിലെ ബൈപ്പാസ് റോഡുകളിൽ കോഴിക്കോട് തലശ്ശേരി ബൈപ്പാസ് റോഡുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) കോഴിക്കോട് ബൈപ്പാസിലെ രണ്ടാം ഘട്ടം പണിക്ക് ഭരണാനുമതി ആയിട്ടില്ല. പ്രസ്തുത റീച്ചിന്റെ ലാന്റ് അക്വിസിഷൻ പൂർത്തിയായിട്ടുണ്ട്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ വാർഷിക പദ്ധതിയിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ല. ഉൾപ്പെടുത്തുന്ന മുറയ്ക്ക് ഇതിന്റെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി കേന്ദ്ര ഉപരിതല മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്.

**81 (548) വരാപ്പുഴ പാലത്തിന്റെ നിർമ്മാണം**

ശ്രീ. പി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 17-ലെ വരാപ്പുഴപാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന്റ പണി എന്ന് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയപാത 17-ലെ വരാപ്പുഴ പാലത്തിന്റെ നിർമ്മാണം 92 % പൂർത്തിയായി.

(ബി) ഈ പാലത്തിന്റെ പണി രണ്ടായിരാമാണ്ട് സെപ്റ്റംബർ അവസാനത്തോടുകൂടി പൂർത്തിയാക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

**82 (547) എം.എൽ.എ. റോഡുകൾ**

ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. റോഡുകളുടെ പട്ടികയിൽപ്പെട്ട എത്ര റോഡുകൾ ഇതിനകം പൂർത്തിയാക്കി കഴിഞ്ഞു;

(ബി) ഇനി എത്ര റോഡുകൾ പൂർത്തിയാക്കുവാൻ ഉണ്ടെന്ന് വെളിപ്പെടുത്തുമോ.

LIBRARY ARCHIVES Kerala Legislative Assembly